എച്ച്.1/ 34559/ 2011/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി: **10.08.2011**

# സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം- 2011-12 അദ്ധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച്.

വായന:- 1. 5.11.2007 തീയതിയിലെ സർക്കാർ ഉത്തരവ്(എം.എസ്) നം: 194/07/പൊ.വി.

2. ഈ ഡയറക്ടറേറ്റിലെ 09.08.2011 ലെ ഇതേ നമ്പർ സർക്കുലർ.

************

വായന 2-ലെ സർക്കുലറിൽ ചുവടെ കൊടുത്തിട്ടുള്ള ഭേദഗതി വരുത്തിയതായി അറിയിക്കുന്നു.

നാമനിർദ്ദേശ പത്രിക 11.08.2011- നും സ്വീകരിക്കാവുന്നതാണ്

വോട്ടെടുപ്പ് സ്ഥലവും പ്രഖ്യാപനവും - അതാത് ക്ലാസ്സുകളിൽ വച്ച് 18.08.2011-ന് രാവിലെ 11 മണിമുതൽ 2 മണി വരെ.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. സ്കൂൾ പ്രധമാദ്ധ്യാപകർക്ക് അതാത് വിദ്യാഭ്യാസ ഓഫീസർമാർ മുഖേന.
5. IT @ School.
6. സൂക്ഷിപ്പ് ഫയൽ.

എച്ച്.1/ 34559/ 2011/ഡി.പി.ഐ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം : തീയതി: **09.08.2011**

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- 2011-12 അദ്ധ്യായന വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് സംബന്ധിച്ച്.

**സൂചന:-** 5.11.2007 തീയതിയിലെ സർക്കാർ ഉത്തരവ്(എം.എസ്) നം: 194/07/പൊ.വി.

*************

സ്ക്കൂൾ പാർലമെന്റ് രൂപീകരണത്തിനും, നടത്തിപ്പിനുമുളള ചട്ടങ്ങളും, മാർഗ്ഗ രേഖകളും സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചനയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി 2011-12 അദ്ധ്യായന വർഷത്തെ പാർലമെന്റ് തെരഞ്ഞെടുപ്പ് തീയതികൾ ചുവടെ ചേർക്കുന്നു.

<u>വിശദമായ പട്ടിക ചുവടെ വിവരിക്കുന്നു:-</u>

| | | | |
|---|---|---|---|
| 1 | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതി | :- | 10.08.2011 |
| 2 | നാമനിർദ്ദേശ പത്രിക പരിശോധിച്ച് അവ സ്വീകരിക്കുന്നതിനുളള അവസാന തീയതി | :- | 11.08.2011 |
| 3 | നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിനുളള അവസാന തീയതി | :- | 16.08.2011 ഉച്ചയ്ക്ക് 2 മണി വരെ |
| 4 | മത്സരാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാനുളള തീയതി | :- | 17.08.2011 |
| 5 | വോട്ടെടുപ്പ് തീയതിയും സമയവും | :- | 18.8.11 രാവിലെ11 മണി വരെ |
| 6 | വോട്ടെണ്ണൽ സ്ഥലവും പ്രഖ്യാപനവും | :- | അതാത് ക്ലാസുകളിൽ വച്ച് 19.8.2011 രാവിലെ 9.30 മണി മുതൽ 12 മണിവരെ |
| 7 | പാർലമെന്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തീയതിയും, സമയവും | :- | 19.8.2011 ഉച്ചയ്ക്ക് 2.30 മുതൽ |
| 8 | പാർലമെന്റ് ആദ്യയോഗത്തിന്റെ തീയതി | :- | 22.08.2011 |

ഒ.പി.നം: 10046/96-നു മേൽ ബഹു.കേരള ഹൈക്കോടതിയുടെ 08.11.1996-ലെ വിധിയുടെയും 1936/96, 1341/97, 262/97 എന്ന റിട്ട് അപ്പീലുകളിൻമേലുള്ള വിധിയുടെയും അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്. സൂചിത ഉത്തരവ് പ്രകാരം തെരഞ്ഞെടുപ്പ് സംബന്ധിച്ച് സമഗ്രമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇതു കർശനമായി പാലിക്കാൻ ഇതിനാൽ നിർദ്ദേശിക്കുന്നു. തികച്ചും സമാധാനപരവും, രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുകൾ ഇല്ലാതെയും ആയിരിക്കണം തെരഞ്ഞെടുപ്പ് നടത്തേണ്ടത്. കൂടാതെ പ്രസ്തുത തെരഞ്ഞെടുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും ഐക്യവും വളർത്തുവാൻ സാഹായകമായ വിധമായിരിക്കണം.

മേൽ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുപ്പ് നടത്തുണ്ടെന്നകാര്യം സ്കൂൾ അധികൃതരും വിദ്യാഭ്യാസ ഓഫീസർമാരും ഉറപ്പുവരുത്തേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

<u>പകർപ്പ്:-</u>

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് അതാത് വിദ്യാഭ്യാസ ഓഫീസർമാർ മുഖേന.
5. സൂക്ഷിപ്പ് ഫയൽ.